മലർവാടി

കുട്ടികളുടെ ദ്വൈവാരിക

2020 ഒക്ടോബർ 01, പുസ്തകം 40, ലക്കം 20

മലർമൊഴി

സത്യം വെറുമൊരു വാക്കല്ല,
ജീവിതം തന്നെയാണ്.

മഹാത്മാഗാന്ധി



നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ 151-ാം ജന്മദിനമാണ് ഈ ഒക്ടോബർ 2. 1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തറിൽ ഒരു ദിവാന്റെ മകനായി ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധി ജീവിതത്തിലെ പലതരം പരീക്ഷണങ്ങളിലൂടെയും വ്യത്യസ്തമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയും മഹാത്മാവ് എന്ന നിലയിലേക്ക് എത്തിച്ചേർന്ന കഥ ഒരു അൽഭുതമാണ്. മെട്രിക്കുലേഷനിൽ (ഇപ്പോഴത്തെ എസ്.എസ്.എൽ.സി വളരെ കുറഞ്ഞ മാർക്ക് മാത്രം വാങ്ങി

Editor **T.K. Ubaid** Executive Editor **P.A. Nazimudeen** | Sub Editor **Mehd Maqbool**
Cover, Layout & Graphics **Fasal Edavanakad** | Technical Support **Fahis Ali**
e-mail malarvadimag@gmail.com | **www.malarvadi.net**
Editor 0495 2730727 Circulation 0495 2732555 Manager 0495 2730073 | e-mail **managerprabodhanamclt@gmail.com**

പാസ്സായ ആ ബാലൻ വക്കീലായെങ്കിലും കോടതിയിൽ കേസുവാദിക്കാൻ എഴുന്നേറ്റ് ഒരു വാക്കുപോലും പറയാൻ കഴിയാതിരുന്ന വ്യക്തിയാണ്.

സത്യത്തിനുവേണ്ടി സമർപ്പിച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സത്യസന്ധതയാണ് ജീവിതത്തിലെ ഏറ്റവും ഉയർന്ന ഗുണം. അസത്യം ലോകത്ത് കുഴപ്പങ്ങളും ഛിദ്രതയും ഉണ്ടാക്കുന്നു.

സത്യം മാത്രം പറയുക, ധർമ്മം പുലർത്തുക തുടങ്ങിയ അടിസ്ഥാനതത്വങ്ങൾ അദ്ദേഹത്തിന് കിട്ടിയത് മതഗ്രന്ഥങ്ങളിൽ നിന്നായിരുന്നു. അഹിംസയും ലാളിത്യവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ജീവിത വ്രതമായിരുന്നു. എല്ലാ മതങ്ങളുടെയും അന്തഃസത്ത സത്യവും ധർമവും കാരുണ്യവും ആണെന്ന് അദ്ദേഹം വിശ്വസിച്ചു. ഒരു ഹിന്ദു വിശ്വാസി ആയിരിക്കെത്തന്നെ ഞാനൊരു ക്രിസ്ത്യാനിയും മുസ്‌ലിമും യഹൂദനുമാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. മതങ്ങളുടെ സാരാംശം മനുഷ്യന്റെ നന്മയാണെന്ന് സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ആത്മകഥയായ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങളും' ഗാന്ധിസാഹിത്യം എന്ന പേരിൽ നമ്മുടെ ഭാഷയിൽ ഇറങ്ങിയിട്ടുള്ള മറ്റു പുസ്തകങ്ങളും വായിച്ചാൽ ഒരു ലജ്ജാലുവായ ബാലനിൽ നിന്ന് മഹാത്മാവിലേക്കുള്ള ഗാന്ധിജിയുടെ വളർച്ച നമുക്കു മനസ്സിലാകും.

● *പി.എ.എൻ*

ഇന്ത്യയിൽ ജനിച്ചവർ



റുഡ്യഡ് കിപ്ലിങ്

1865-ൽ മുംബൈയിൽ ജനിച്ച ലോകപ്രശസ്ത ബ്രിട്ടീഷ് സാഹിത്യകാരനാണ് റുഡ്യഡ് കിപ്ലിങ്. 1907-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ ആദ്യത്തെ ബ്രിട്ടീഷ് എഴുത്തുകാരനാണിദ്ദേഹം. 1903-ൽ ബീഹാറിലെ മോത്തിഹാരിയിൽ ജനിച്ച പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനാണ് ജോർജ് ഓർവെൽ.

ചാൾസ് ഡിക്കൻസിന്റെ 'എ ടെയിൽ ഓഫ് ടു സിറ്റീസ്' ലെ രണ്ട് സിറ്റികൾ ഏതെല്ലാം- ലണ്ടൻ, പാരീസ്